മാതൃഭൂമി 2020 സെപ്റ്റംബർ 29 • ചൊവ്വാഴ്ച E CHN
02 നാട്ടുവർത്തമാനം



# 'കാട്' പിടിക്കട്ടെ

## ജില്ലയിൽ ഒരു വർഷത്തിനിടെ വളർന്നു തുടങ്ങിയത് നാല് 'മിയാവാക്കി' വനങ്ങൾ

അഞ്ജലി എൻ. കുമാർ

**കൊച്ചി ▸** നഗര മധ്യത്തിൽ ചെറുവനങ്ങൾ... ജില്ലയിൽ ഒരു വർഷത്തിനിടെ നാല് 'മിയാവാക്കി' വനങ്ങൾക്കാണ് തുടക്കം കുറിച്ചത്. കൊച്ചിൻ ഷിപ്പ്യാർഡ്, നേവി സ്കൂൾ, കുസാറ്റ്, നെടുമ്പാശ്ശേരി എന്നിവിടങ്ങളിലാണ് ചെറു വനവത്കരണം.

ഷിപ്പ്യാർഡിൻെറ സി.എം.ഡി. ക്വാർട്ടേഴ്സിന് സമീപത്തുള്ള ഉപയോഗ ശൂന്യമായ ആറ് സെൻറ് സ്ഥലത്ത് ആയിരത്തിലധികം ചെടികളാണ് നട്ടത്. നേവൽ സ്കൂളിലും കൊച്ചിൻ യൂണിവേഴ്സിറ്റിയിലും പത്ത് സെൻറ് സ്ഥലത്ത് 1600 ചെടികൾ വീതവും. വനംവകുപ്പുമായി സഹകരിച്ച് നെടുമ്പാശ്ശേരിയിൽ 'സുവർണോദ്യാന'ത്തിലാണ് ചെറുവനം.

കഴിഞ്ഞ നവംബറിലാണ് ഷിപ്പ്യാർഡിൽ വനവത്കരണം ആരംഭിച്ചത്. ആൽമരം, കണിക്കൊന്ന, പാരിജാതം, വാക, മുള എന്നിവ മുതൽ പശ്ചിമഘട്ടത്തിൽ അപൂർവമായി കാണുന്ന മട്ടി വരെയുള്ള മരങ്ങൾ ഇവിടെയുണ്ട്.

'കെഡിസ്കി'ൻെറ നേതൃത്വത്തിൽ കേരളത്തിലെ 10 ജില്ലകളിൽ മിയാവാക്കി മാതൃകാ സൂക്ഷ്മവനങ്ങൾ ഉണ്ടാക്കുന്നുണ്ട്. കൊച്ചിയിലെ രണ്ടെണ്ണം ഉൾപ്പെടെ ഏഴെണ്ണം ഇതിനോടകം ആരംഭിച്ചു. സംസ്ഥാനത്ത് 11 ചെറുവനങ്ങളാണ് സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നതെന്ന് കെഡിസ്ക് അസിസ്റ്റൻറ് പ്രോഗ്രാം മാനേജർ കെ.ടി. ഷക്കീല പറഞ്ഞു.



### മൂന്നു മീറ്ററോളം വളർന്നു

ഒൻപതു മാസം കൊണ്ട് മരങ്ങൾ മൂന്നു മീറ്ററോളം വളർന്നു. പൂമ്പാറ്റകളും പുൽച്ചാടികളും മറ്റ് സൂക്ഷ്മജീവികളും ഇവിടെ ഇടം സ്വന്തമാക്കിയിട്ടുണ്ട്.

- പി.എൻ. സമ്പത്ത്കുമാർ

**കൊച്ചിൻ ഷിപ്യാർഡ് സി.എസ്.ആർ. ഹെഡ്**

### ഉദ്യമത്തിനു പിന്നിൽ

- നേച്ചേഴ്സ് ഗ്രീൻ ഗാർഡിയൻ ഫൗണ്ടേഷൻ.
- കൊച്ചി ഷിപ്പ്യാർഡിൻെറ സി.എസ്.ആർ. വിഭാഗം.
- കേരള ഡെവലപ്മെൻറ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെഡിസ്ക്).

### എന്താണ് മിയാവാക്കി ?

സ്വാഭാവികമായി വളരുന്ന ചെടികളെ ഇടതൂർന്ന് നടും. ഒരു ചതുരശ്ര മീറ്ററിൽ നാലു തൈകൾ. 50 മുതൽ 60 സെ.മീ. വരെ ഉയരമുള്ള തൈകളാണ് നടുക. സൂര്യപ്രകാശം ലഭിക്കാൻ ഇവ തമ്മിൽ മത്സരിച്ച് വേഗം വളരും. പത്തു വർഷം കൊണ്ട് ഉണ്ടാവേണ്ട വളർച്ച മൂന്നുവർഷം കൊണ്ട് കൈവരിക്കും. ഇടതൂർന്ന മരങ്ങൾ ചെറുവനങ്ങളാകും.

ജപ്പാൻകാരനായ 'അകിര മിയാവാക്കി'യാണ് ഈ രീതിയിലുള്ള വനവത്കരണത്തിൻെറ ശില്പി. ഇന്ത്യയിൽ 2013 മുതൽക്കാണ് ഈ രീതിയിലുള്ള വനവത്കരണ ശ്രമങ്ങൾ തുടങ്ങിയത്.

